ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും.

   **President Droupadi Murmu will inaugurate the Literary Conference at Rashtrapati Bhavan Cultural Centre today.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സിക്കിം, പശ്ചിമ ബംഗാൾ, ബീഹാർ സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കമാകും; വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

   **PM Nrendra Modi to visit Sikkim, West Bengal & Bihar to launch multiple development projects.**

3. അതിർത്തി കടന്നുള്ള ഭീകരവാദം തുറന്നുകാട്ടുന്നതിനുള്ള സർവ്വകക്ഷി സന്ദർശനം തുടരുന്നു; ഭീകരാക്രമണത്തെ തുടർന്ന് ഇറ്റലി നൽകിയ പിന്തുണയ്ക്ക് നന്ദി അറിയിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   **All-party Delegation visits to expose cross-border terrorism continues; External Affairs Minister S Jaishankar thanks Italy for its support after the Pahalgam terror attack.**

4. കേരളത്തിൽ ശനിയാഴ്ചവരെ അതിശക്തമായ മഴ തുടരാൻ സാധ്യത; പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

**Heavy rains likely to continue in Kerala till Saturday; Red alert in Pathanamthitta, Idukki, Kannur and Kasaragod districts today.**

5. ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം; റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും.

**IPL cricket play-offs begin today; Royal Challengers Bangalore will face Punjab Kings today.**

✪✪✪✪✪✪✪✪✪✪

## PREZ- LITERARY CONFERENCE

രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. കവിസമ്മേളനം, ഇന്ത്യയിലെ സ്ത്രീവാദ സാഹിത്യം, ആഗോള തലത്തിൽ ഇന്ത്യൻ സാഹിത്യത്തിന്റെ പുതിയ ദിശകൾ എന്നിവയുൾപ്പെടെ വിവിധ പരിപാടികൾക്ക് രണ്ടു ദിവസത്തെ സമ്മേളനം വേദിയാകും. കേന്ദ്ര സാഹിത്യ അക്കാദമിയുമായി സഹകരിച്ചാണ് രാഷ്ട്രപതി ഭവൻ സാഹിത്യ സമ്മേളനത്തിന് ആതിഥ്യം വഹിക്കുന്നത്.

✪✪✪✪✪✪✪✪✪✪

## PM STATE VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി സിക്കിം, പശ്ചിമ ബംഗാൾ, ബീഹാർ സംസ്ഥാനങ്ങൾ സന്ദർശിക്കും. വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും. ഇന്ന് സിക്കിമിന്റെ 50-ാം സംസ്ഥാന രൂപീകരണ ആഘോഷത്തിൽ പങ്കെടുത്തുകൊണ്ടാണ്

സന്ദർശനങ്ങൾക്ക് തുടക്കമാകുന്നത്. തലസ്ഥാനമായ ഗാങ്ടോക്കിൽ നടക്കുന്ന "സിക്കിം@50 : പുരോഗതി ലക്ഷ്യബോധത്തോടെ മുന്നേറുകയും, പ്രകൃതിയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നിടം "എന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും.

# വിശദാംശങ്ങൾ................

(വോയിസ്)

✪✪✪✪✪✪✪✪✪✪

## PM STATE VISIT (VOICE)

സിക്കിം ഗവർണറുടെയും മുഖ്യമന്ത്രിയുടെയും സാന്നിധ്യത്തിൽ നംചിയിൽ പ്രധാനമന്ത്രി 750 കോടി രൂപയുടെ 500 കിടക്കകളുള്ള ജില്ലാ ആശുപത്രി ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും. ശ്രീ മോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് സംസ്ഥാന സർക്കാർ ഡ്രോൺ ഷോ സംഘടിപ്പിക്കും. സിക്കിം സന്ദർശനം പൂർത്തിയാക്കിയ ശേഷം പ്രധാനമന്ത്രി പശ്ചിമ ബംഗാളിലെത്തും. അലിപുർദ്വാർ, കൂച്ച് ബെഹാർ ജില്ലകളിലെ സിറ്റി ഗ്യാസ് വിതരണ പദ്ധതിയുടെ ശിലാ സ്ഥാപനം നിർവഹിക്കും. ഗാർഹിക വാണിജ്യ ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും പ്രകൃതി വാതകം ലഭ്യമമാക്കുകയാണ് 1,010 കോടി രൂപ മുതൽമുടക്കുള്ള പദ്ധതിയുടെ ലക്ഷ്യം. ബിഹാറിൽ, വൈകുന്നേരം പട്ന വിമാനത്താവളത്തിന്റെ പുതുതായി നിർമിച്ച പാസഞ്ചർ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ശേഷം, ശ്രി നരേന്ദ്രമോദി പട്നയിൽ റോഡ്ഷോ നടത്തും.

ന്യൂസ് ഡെസ്ക് ആകാശവാണി.......

✪✪✪✪✪✪✪✪✪✪

## PM- PRAGATI

കേന്ദ്രപദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള പ്രഗതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിച്ചു. 62,000 കോടി രൂപയുടെ മൂന്ന് പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾ പ്രധാനമന്ത്രി അവലോകനം ചെയ്തു. വിവിധ സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ റോഡ്, വൈദ്യുതി, ജലവിഭവ മേഖലകളുമായി ബന്ധപ്പെട്ടവയാണ് ഈ പദ്ധതികൾ. പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ മറികടക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു. ഇതുവരെയുള്ള പ്രഗതി യോഗങ്ങളിൽ 20.64 ലക്ഷം കോടി രൂപ മൂല്യമുള്ള 373 പദ്ധതികൾ അവലോകനം ചെയ്തു.

✪✪✪✪✪✪✪✪✪✪

## ALL PARTY DELEGATION

പാകിസ്ഥാൻ പിന്തുണയോടെ നടക്കുന്ന ഭീകരവാദത്തിനെതിരെ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനുള്ള സർവകക്ഷി പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു. ബി.ജെ.പി എം.പി രവി ശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം റോമിലെത്തി. ഭീകരവാദം നയമായി സ്വീകരിച്ച രാജ്യമാണ് പാകിസ്ഥാൻ എന്ന് അദ്ദേഹം റൊമിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവെ വ്യക്തമാക്കി. ജെ.ഡി.യു എം.പി സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്തോനേഷ്യ സന്ദർശിച്ചു. ആസിയാൻ സെക്രട്ടറി ജനറൽ ഡോ. കാവോ കിം ഹോർണുമായി പ്രതിനിധി സംഘം ചർച്ച നടത്തി.

✪✪✪✪✪✪✪✪✪✪

## EAM- ITALY (INTRO)

ഭീകരവാദത്തെ പ്രതിരോധിക്കാനുള്ള രാജ്യത്തിൻറെ അവകാശത്തെ ലോക രാജ്യങ്ങൾ അംഗീകരിക്കുന്നതായി വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. ന്യൂഡൽഹിയിലെ ഇറ്റാലിയൻ എംബസിയിൽ നടന്ന ഇറ്റലിയൻ ദേശീയ ദിനാഘോഷങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യക്ക് ഇറ്റലി നൽകിയ പരിപൂർണ്ണ പിന്തുണയിൽ അദ്ദേഹം നന്ദി രേഖപ്പെടുത്തി. (വോയിസ്...)

✪✪✪✪✪✪✪✪✪✪

## MOCK DRILL

പാകിസ്ഥാനുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ഇന്ന് സിവിൽ ഡിഫൻസ് മോക്ക് ഡ്രിൽ നടക്കും. ഗുജറാത്ത്, രാജസ്ഥാൻ, പഞ്ചാബ്, ജമ്മു കശ്മീർ എന്നിവിടങ്ങളിലാണ് മോക്ക് ഡ്രിൽ. അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനുള്ള പരിശീലനം ഇതിൻറെ ഭാഗമായി നൽകും. വിവിധ മത സംഘടനകൾ, സർക്കാർ വകുപ്പുകൾ, എൻ.സി.സി കേഡറ്റുകൾ, എൻ.എസ്.എസ് വളണ്ടിയർമാർ തുടങ്ങിയവർ മോക്ക് ഡ്രില്ലിൻറെ ഭാഗമാകും.

✪✪✪✪✪✪✪✪✪✪

## SUPPORT PRICE OF RICE

14 ഖാരിഫ് വിളകൾക്കുള്ള കുറഞ്ഞ താങ്ങുവില കേന്ദ്രം വർധിപ്പിച്ചു. സാധാരണ നെല്ല് ക്വിന്റലിന് 2,300 ൽ നിന്ന് 2,369 ആയും ഗ്രേഡ് എ യ്ക്ക് 2,320 ൽ നിന്ന് 2,389 ആയും ഉയർത്തി. കിസാൻ ക്രെഡിറ്റ് കാർഡ് വഴി കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് ഹ്രസ്വകാല വായ്പ ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതി തുടരാനും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം

തീരുമാനിച്ചു. ധാന്യങ്ങൾ, പയർ വർഗങ്ങൾ, എണ്ണക്കുരു, പരുത്തി എന്നിവയുടെ താങ്ങുവിലയാണ് വർധിപ്പിച്ചത്.

✪✪✪✪✪✪✪✪✪✪

## RAIN

കേരളത്തിൽ ശനിയാഴ്ച വരെ അതിശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. എറണാകുളം ജില്ലയിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഒരു അറിയിപ്പുണ്ടാകുന്നതു വരെ താൽക്കാലികമായി അടച്ചിടുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪✪✪✪✪✪✪✪

## HOLIDAY

സംസ്ഥാനത്ത് 6 ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. കാസർകോട്, കണ്ണൂർ, എറണാകുളം, ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകൾക്കാണ് അവധി ബാധകം.

✪✪✪✪✪✪✪✪✪✪

## CABINET MEETING DECISION

സംസ്ഥാനത്തെ, സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ 2,219 അധിക തസ്തിക അനുവദിച്ചു. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിലാണ് തീരുമാനം. സർക്കാർ മേഖലയിലെ 552 സ്കൂളുകളിൽ 915 ഉം, 658 എയ്ഡഡ് സ്കൂളുകളിൽ 1,304 ഉം അധിക തസ്തികകളാണ് അനുവദിച്ചത്. 2024 ഒക്ടോബർ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തിൽ വ്യവസ്ഥകൾക്ക് വിധേയമായാണിത്. വികസന

പദ്ധതികൾ നടപ്പാക്കാൻ 982 കോടി രൂപ അനുവദിക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

✡✡✡✡✡✡✡✡✡✡

## **CM –READING ROOM**

വായനശാലകൾ സാമൂഹിക പുരോഗതിയുടെ കേന്ദ്രങ്ങളാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരഞ്ഞെടുക്കപ്പെട്ട 3,000 വായനശാലകളിലൂടെ മൂന്ന് ലക്ഷം വീടുകളിലേക്ക് പുസ്തകങ്ങൾ എത്തിക്കുന്ന **'വായനാ വസന്തം-വീട്ടിലേക്കൊരു പുസ്തകം'** പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✡✡✡✡✡✡✡✡✡✡

## **KANNUR – HAJJ (INTRO)**

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് യാത്രയ്ക്ക് സമാപനമായി.

വിമാനത്താവളത്തിനോട് അനുബന്ധിച്ച് പ്രവർത്തിച്ച ഹജ്ജ് ക്യാമ്പ് അവസാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ..........**

(വോയിസ്)

✡✡✡✡✡✡✡✡✡✡

## **CONTAINER IN KERALA COAST**

കേരള തീരത്ത് കപ്പൽ മുങ്ങിയ സംഭവത്തിൽ എണ്ണ മലിനീകരണ സാധ്യത തടയുന്നതിന് കൊച്ചിയിൽ വിദഗ്ധ സംഘത്തെ നിയോഗിച്ചതായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം അറിയിച്ചു. അതെ സമയം, ശക്തികുളങ്ങര തീരത്തടിഞ്ഞ കണ്ടെയ്നർ കൊല്ലം

തുറമുഖത്ത് ട്രെയിലെറിൽ എത്തിച്ചു. കഴിഞ്ഞ ദിവസം കടലിൽ നിന്ന് തുറമുഖ വാർഫിൽ കയറ്റിവച്ച ഒരു കണ്ടയ്നറും ഉള്ളിലെ പോളിയെത്തിലീൻ ചാകുകളും യാർഡിലേക്കു മാറ്റിയിട്ടുണ്ട്. ഡ്രോൺ സർവ്വേ പൂർത്തിയായ ഇടങ്ങളിൽ ഇന്ന് ശുചീകരണം നടത്തും. ബാക്കി കണ്ടെയ്നറുകളും കൊല്ലം തുറമുഖത്തേക്ക് എത്തിക്കുമെന്ന് അധികൃതർ അറിയിച്ചു.

✡✡✡✡✡✡✡✡✡✡

## IPL

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് പഞ്ചാബ് കിംഗ്സിനെ നേരിടും. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. നാളെ നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

✡✡✡✡✡✡✡✡✡✡

## MANIPUR

മണിപ്പൂരിൽ, സർക്കാർ രൂപീകരണം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെടാൻ പത്ത് എം.എൽ.എമാർ ഗവർണറെ കണ്ടു. ഇംഫാലിലെ രാജ്ഭവനിൽ ഗവർണർ അജയ് കുമാർ ഭല്ലയെ സന്ദർശിച്ച എം.എൽ.എ മാർ ഒരു സ്വാതന്ത്ര എം.എൽ.എ അടക്കം 45 പേർ സർക്കാർ രൂപീകരണത്തെ അനുകൂലിക്കുന്നതായി അറിയിച്ചു.

✡✡✡✡✡✡✡✡✡✡

## HAMAS - KILLED

ഗാസയിലെ ഹമാസ് തലവൻ മുഹമ്മദ് സിൻവറിനെ വധിച്ചതായി ഇസ്രയേൽ. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഒക്ടോബർ ഏഴ് ആക്രമണത്തിൻ്റെ മുഖ്യ ആസൂത്രകനായ യഹിയ സിൻവറിനെ മാസങ്ങളോളം നീണ്ട തെരച്ചിലിനൊടുവിലാണ് നേരത്തെ ഇസ്രയേൽ കൊലപ്പെടുത്തിയത്.